നമ്പർ: സി.ബി.(1) 19811/2008

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 30.09.2008

## സർക്കുലർ നമ്പർ: 66/2008

വിഷയം:- സഹകരണവകുപ്പ് – സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ / ബാങ്കുകൾ സ്ഥിര നിക്ഷേപങ്ങൾക്ക് നൽകേണ്ട പരമാവധി പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1) സഹകരണസംഘം രജിസ്ട്രാറുടെ 24.07.2008 തീയതിയിലെ 48/2008 നമ്പർ സർക്കുലർ.

2) 29.09.2008 –ൽ ബഹുമാനപ്പെട്ട സഹകരണവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെൻട്രൽ ബാങ്കുകളുടെ യോഗ തീരുമാനം.

സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ / ബാങ്കുകൾ സ്ഥിര നിക്ഷേപങ്ങൾക്ക് നൽകേണ്ട പലിശ നിരക്ക് നിശ്ചയിച്ച് സൂചന(1) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. സൂചന (2) പ്രകാരം കൂടിയ യോഗത്തിൽ സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ / ബാങ്കുകളിലെയും, വിവിധ വാണിജ്യ / പൊതു മേഖലാ ബാങ്കു കളിലെയും നിലവിലുള്ള പലിശ നിരക്ക് അവലോകനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സഹകരണസംഘങ്ങൾ / ബാങ്കുകൾ സ്ഥിര നിക്ഷേപങ്ങൾക്ക് നൽകേണ്ട പലിശ നിരക്കുകൾ പരിഷ്ക്കരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ / ബാങ്കുകൾ സ്ഥിര നിക്ഷേപങ്ങൾക്ക് നൽകേണ്ട പരമാവധി പലിശ നിരക്കുകൾ ശതമാന കണക്കിൽ ചുവടെ ചേർക്കും പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | നിക്ഷേപങ്ങളുടെ കാലാവധി | സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്ക് | | പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ / സർവ്വീസ് സഹകരണ ബാങ്കുകൾ / അർബൻ സഹകരണ ബാങ്കുകൾ ഉൾപ്പെടെ | |
|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 5 | 5 | 5 | 5 | 5.25 | 5.25 |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 6 | 6 | 6 | 6 | 6.25 | 6.25 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 6 | 6 | 7 മുതൽ 7.25 വരെ | 7 മുതൽ 7.25 വരെ | 7.50 | 7.50 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 7.75 | 8 | 7.75 മുതൽ 8 വരെ | 8.50 | 8.50 | 8.75 |
| 5 | 1 വർഷം മുതൽ 2 വർഷത്തിനു താഴെ വരെ | 8.75 | 8.75 | 9.50 | 10.25 | 9.75 | 10.50 |
| 6 | 2 വർഷം മുതൽ 3 വർഷത്തിനു താഴെ വരെ | 8.75 | 8.75 | 9.50 | 10 | 9.75 | 10.25 |
| 7 | 3 വർഷം മുതൽ 5 വർഷത്തിനു താഴെ വരെ | 9 | 9 | 9.50 | 9.50 | 9.75 | 9.75 |
| 8 | 5 വർഷവും അതിനു മുകളിലും | 9.25 | 9.25 | 9.25 | 9.25 | 9.75 | 9.75 |

മേൽ നിരക്കുകൾക്ക് പുറമെ മുതിർന്ന പൗരൻമാരുടെ സ്ഥിര നിക്ഷേപങ്ങൾക്ക് 1/2 ശതമാനം മുതൽ 1 ശതമാനം വരെ അധിക പലിശ നിരക്ക് നൽകാവുന്നതാണ് പ്രസ്തുത പലിശ നിരക്കുകൾക്ക് 01.10.2008 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ഒപ്പ്,
റാണിജോർജ്ജ്, ഐ.എ.എസ്.,
സഹകരണസംഘം രജിസ്ട്രാർ.

പകർപ്പ് :
1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്.
2. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
3. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ / ആഡിറ്റ്) മാർക്കും
4. ജോയിന്റ് രജിസ്ട്രാർ / കൺകറന്റ് ആഡിറ്റർ,
   എല്ലാ ജില്ലാ സഹകരണ ബാങ്കുകൾ / സംസ്ഥാന സഹകരണ ബാങ്ക്
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ / ആഡിറ്റ്)മാർക്കും
   (ജോയിന്റ് രജിസ്ട്രാർ മുഖേന)
6. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ / സർവ്വീസ് സഹകരണ ബാങ്കുകൾ / അർബൻ ബാങ്കുകൾ / മറ്റ് കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ / ബാങ്കുകൾ
   ( ജോയിന്റ് രജിസ്ട്രാർ മുഖേന)
7. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
8. എഡിറ്റർ, സഹകരണ വീഥി / സഹകരണ ജേർണൽ
9. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
10. സ്റ്റോക്ക് ഫയൽ / സ്പെയർ.

// ആജ്ഞാനുസരണം //

സഹകരണസംഘം രജിസ്ട്രാർക്കു വേണ്ടി